## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 711          11.03.2015 - ൽ മറുപടിയ്ക്ക്

**വൃക്ക ദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർ ചികിത്സ സൗജന്യമാക്കുവാൻ നടപടി**

| ചോദ്യം<br>ശ്രീ. പി .തിലോത്തമൻ | മറുപടി<br>ശ്രീ. വി. എസ് . ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) വൃക്ക ദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർ ചികിത്സ ആവശ്യമാണെന്നതും അത് ചെലവേറിയ ചികിത്സയാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിലുള്ളവരുടെ തുടർ ചികിത്സ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | വൃക്ക ദാതാക്കൾക്ക് മൂന്നുമാസം കഠിനമായ അദ്ധ്വാനം ഒഴിവാക്കണം എന്നല്ലാതെ മറ്റു തുടർചികിത്സ ആവശ്യമില്ല. ഓപ്പറേഷൻ സമയത്ത് ഏകദേശം മുപ്പതിനായിരം രൂപ ആവശ്യമായി വരും. എന്നാൽ വൃക്ക സ്വീകർത്താക്കൾക്ക് ജീവിതകാലം മുഴുവൻ ശരീരം വൃക്കയെ തിരസ്കരിക്കാതിരിക്കാനുള്ള മരുന്നുകൾ ആവശ്യമായി വരുന്നു. ഇതിന്റെ ചിലവ് ഏകദേശം പ്രതിവർഷം ഒരു ലക്ഷം രൂപ എന്ന തോതിലാണ്. ഇതിനായി കാരുണ്യ പദ്ധതി വഴി വൃക്ക ദാതാക്കൾക്ക് ഒരു ലക്ഷം രൂപയും വൃക്ക സ്വീകർത്താക്കൾക്ക് രണ്ടു ലക്ഷം രൂപയും ലഭിക്കാറുണ്ട്. ഒപ്പം ആർ.എസ്.ബി.വൈ-ചിസ് പ്ലസ് വഴി 1,48,000/-രൂപ നൽകുന്നുണ്ട്. പ്രൈം മിനിസ്റ്റേഴ്സ് റിലീഫ് ഫണ്ട് (ആർ.എ.എൻ) വഴി നാലു ലക്ഷം രൂപയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ